"ഭരണ ഭാഷ - മാതൃഭാഷ"

നമ്പർ സി8- 4865/2015

എക്സൈസ് ഡിവിഷൻ ഓഫീസ്,
കണ്ണൂർ, തീയതി : 23.08.2016.
ഇ-മെയിൽ aec_kannur@yahoo.co.in
decknr.exc@kerala.gov.in
മൊബൈൽ : 9447178065
ഓഫീസ് ഫോൺ : 04972 706698.

പ്രേഷകൻ
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
കണ്ണൂർ.

ഗ്രാഹകൻ
**ജില്ലാ കലക്ടർ & ചെയർമാൻ,**
**ജില്ലാ വികസന സമിതി**

സർ,

വിഷയം: ജില്ലാ വികസന സമിതിയോഗം 27.08.2016.ന് രാവിലെ 11 മണിയ്ക്ക് ചേരുന്നത് - സംബന്ധിച്ച്.

സൂചന: അങ്ങയുടെ 16.08.2016.-ാം തീയതിപ്രകാരമുള്ള 610/2014/ ഡി.ഡി.സി./ഡി.പി.ഒ/കെ.എൻ.ആർ./ആർ.ഒ. നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിച്ചുകൊള്ളുന്നു. ജില്ലാ വികസന സമിതിയോഗത്തിന്റെ അജണ്ട പ്രകാരം പുകയില നിയന്ത്രണവും നിയന്ത്രണ നിയമം നടപ്പാക്കലും സംബന്ധിച്ച ജില്ലയിൽ എക്സൈസ് വകുപ്പ് കൈക്കൊണ്ടതിന്റെ പുരോഗതി അവലോകന റിപ്പോർട്ട് സമർപ്പിക്കുന്നു.

2015-ാമാണ്ട് ആഗസ്ത് മാസം മുതൽ 2016 ജൂലൈ മാസംവരെ പിഴയിനത്തിൽ 3,78,600/- രൂപ വസൂലാക്കുകയും തൊണ്ടി മുതലുകളായി 34,853 പാക്കറ്റ് ഹാൻസും 10,888 പാക്കറ്റ് പാൻ മസാല എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

2016 ജനുവരി മാസം മുതൽ 2016 ജൂലൈ മാസം വരെ കണ്ണൂർ ജില്ലയിലെ എക്സൈസ് ഡിവിഷനിൽ 2,277 കോഡ്പ കേസുകൾ രജിസ്റ്റർചെയ്യുകയുണ്ടായി. 4,54,600/- രൂപ പിഴയിനത്തിൽ വസൂലാക്കുകയും തൊണ്ടി മുതലുകളായി 3,783 പാക്കറ്റ് ഹാൻസ്, 6,046 പാക്കറ്റ് പാൻമസാല, 1425 പാക്കറ്റ് സിഗരറ്റ്, 10.4 കിലോഗ്രാം പുകയില, 2361 പാക്കറ്റ് ബീഡി, 37278 പാക്കറ്റ് മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്.

2015 ആഗസ്ത് മാസം മുതൽ 2016 ജൂലൈ മാസംവരെയുള്ള പന്ത്രണ്ട് മാസങ്ങളിൽ സ്കൂൾ പരിസരത്ത്നിന്നുമാത്രം 188 കോട്പ കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 3,300 പാക്കറ്റ് പുകയില ഉൽപ്പന്നങ്ങൾ, 50 ഗ്രാം കഞ്ചാവ് എന്നിവയും കസ്റ്റഡിയിലെടുക്കുകയുണ്ടായി.

സ്കൂളുകൾ കേന്ദ്രീകരിച്ച് ഐസ് ക്രീമിൽ ലഹരിചേർത്ത് വിൽപ്പന നടത്തുന്നത് കണ്ടെത്തുവാനായി ജില്ലയിൽ നിരന്തരം ശക്തമായി പരിശോധനകളും റെയിഡുകളും നടത്തിവരുന്നുണ്ട്. അത്തരം വിൽപ്പന ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
കണ്ണൂർ.

എന്ന്